(ബി) നിലവിൽ ഒഴിവുള്ള തസ്തികകളിൽ 85 എണ്ണം പി.എസ്.സി. മുഖാന്തിരം നികത്തിയിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള അനുമതിക്കോ മറ്റു വകുപ്പുകളിൽ നിന്നും അധികം കണ്ടെത്തിയവരിൽ നിന്ന് നികത്തുവാനോ ഉള്ള നിർദ്ദേശം പരിശോധിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി) വില്ലേജ് ഓഫീസുകളിൽ കംപ്യൂട്ടറുകൾ സ്ഥാപിച്ച് ജോലി ലഘൂകരിക്കാനുള്ള ഒരു പദ്ധതി ആവിഷ്കരിച്ചു വരുന്നു.

(ഇ) സർക്കാരിന്റെ ഇപ്പോഴുള്ള സാമ്പത്തിക പരാധീനതമൂലം ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

റവന്യൂ കേസുകളുടെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി

27 (3586) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെക്രട്ടറി തലത്തിൽ തീർപ്പു കൽപിക്കേണ്ടതായ അപ്പീലുകൾ, റിവിഷൻ പെറ്റീഷനുകൾ എന്നിവയുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ ;

(ബി) ഈ കേസുകളിൽ ഫയർ ചെയ്തശേഷം മൂന്നു വർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ളവ എത്രയെന്ന് അറിയിക്കാമോ ;

(സി) ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ളവ എത്രയെന്ന് അറിയിക്കുമോ ;

(ഡി) ജില്ലാതല ഉദ്യോഗസ്ഥന്മാരുടെ മുമ്പിൽ ഫയൽ ചെയ്യപ്പെട്ടിരിക്കുന്ന റവന്യൂ കേസ്സുകളുടെ എണ്ണം എത്രയെന്ന് വെളിപ്പെടുത്താമോ ;

(ഇ) ഇവയിൽ രണ്ടു വർഷത്തിലേറെ കാലപ്പഴക്കമുള്ള കേസ്സുകളുടെ എണ്ണം എത്രയെന്ന് പറയാമോ ;

(എഫ്) കേരളത്തിൽ ഏറ്റവും കൂടുതൽ റവന്യൂ കേസുകൾ നിലവിലുള്ളത് ഏതൊക്കെ റവന്യൂ ഡിവിഷനുകളിലും ജില്ലകളിലുമാണെന്ന് വെളിപ്പെടുത്താമോ ;

(ജി) കാലപ്പഴക്കമുള്ള ഇത്തരം റവന്യൂ കേസുകൾ എത്രയും വേഗം തീർപ്പു കൽപ്പിക്കുന്നതിന് വേണ്ട ഉചിതമായ നടപടികൾ നിർദ്ദേശിക്കാമോ ;

(എച്ച്) കളക്ടർ, ആർ.ഡി.ഒ. തുടങ്ങിയ ജില്ലാതല ഉദ്യോഗസ്ഥർ കേസുകൾ താമസംവിനാ തീർപ്പു കല്പിക്കുന്നതിനായി മാസത്തിലൊരിക്കൽ ക്യാംപ് സിറ്റിംഗ് നടത്താൻ നിർദ്ദേശം നല്കുമോ ?

ഉത്തരം

(എ) 61 എണ്ണം.

(ബി) 12 കേസ്സുകൾ.

(സി) 32 എണ്ണം.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 6480 എണ്ണം.

(ഇ) 396 എണ്ണം.

(എഫ്) ഫോർട്ടു കൊച്ചി റവന്യൂ ഡിവിഷനിലും എറണാകുളം ജില്ലയിലും.

(ജി&എച്ച്) പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

വില്ലേജ്/താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ ജനോപകാര പ്രദമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും നടപടി

28 (3587) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ്/താലൂക്ക് ഓഫീസുകളുടെ സേവനം പൊതുജനങ്ങൾക്ക് വേണ്ട രീതിയിൽ ലഭിക്കുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പല സർട്ടിഫിക്കറ്റുകൾക്കും വളരെയധികം കാലതാമസം നേരിടുന്ന ഇന്നത്തെ ദുഃസ്ഥിതി ഇല്ലാതാക്കുവാൻ എന്തൊക്കെ നടപടികളാണ് ഏർപ്പെടുത്തുവാൻ ആലോചിക്കുന്നത് ;

(സി) പൊതുജനങ്ങൾക്ക് ആവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി നൽകുന്നതിന് ആവശ്യമായ അടിയന്തര നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ഡി) വില്ലേജ്/താലൂക്ക് കളക്ടറേറ്റ് ഓഫീസുകളിലെ ഫയലുകളിന്മേൽ തീരുമാനം എടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്തെങ്കിലും അദാലത്തു പോലുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) 12-6-1996-ലെ ജി.ഒ.(എം.എസ്.) 300/96/ആർ.ഡി. സർക്കാർ ഉത്തരവ് പ്രകാരം വില്ലേജ്/താലൂക്ക് ഓഫീസുകളിൽ ലഭിക്കുന്ന വിവിധ സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷകളിന്മേൽ ലഭിച്ച ഒരാഴ്ചക്കുള്ളിൽ തീരുമാനമെടുത്തു സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യണമെന്ന് നിബന്ധന നേരത്തെ തന്നെ നിലവിലുണ്ട്. 23-5-2002-ലെ 24298/റ്റി2/02/ആർ.ഡി. സർക്കുലർ പ്രകാരം ജാതി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ലഭിച്ച് മൂന്ന് ദിവസത്തിനുള്ളിൽ പരിശോധിച്ച് തീരുമാനമെടുത്തു സർട്ടിഫിക്കറ്റ് നൽകണമെന്നും നിബന്ധന നിലവിലുണ്ട്. മേൽ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർ കർശനമായി പാലിക്കുന്നുണ്ട് എന്നു ഉറപ്പ് വരുത്തുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് കമ്മീഷണർ (ആർ.ഇ.)-യെ നോഡൽ ഓഫീസറായും ജില്ലകളിലെ ഡെപ്യൂട്ടി കളക്ടർ (ജനറൽ)-ലിനെ ജില്ലാതല നോഡൽ ഓഫീസറായും നിയോഗിച്ചിട്ടുണ്ട്. കൂടാതെ താലൂക്ക് ഓഫീസുകളിൽ കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ സർട്ടിഫിക്കറ്റുകൾ കംപ്യൂട്ടർ മുഖേന വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) സംവിധാനം നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly